മലയാളത്തിന്റെ
പ്രിയ കഥാകാരൻ
ശിഹാബുദ്ദീൻ
പൊയ്ത്തുംകടവ്
നിങ്ങളുമായി
സംവദിക്കുന്നു



# ശിഹാബ്ക്കയോട് ചോദിക്കാം

കഴിഞ്ഞ രണ്ട് വർഷവും പ്രളയം വന്നു, പിന്നെ നിപ്പ വന്നു. ഇപ്പോൾ കൊറോണയും. നമ്മെ ഈ ദുരിതങ്ങൾ വിടാതെ പിന്തുടരുകയാണല്ലോ ശിഹാബ്ക്കാ?

**ജസീം കെ.ടി**
**ക്ലാസ് 8**
**ചാവക്കാട്**

പ്രിയപ്പെട്ട ജസീം, മനുഷ്യരുടെ ചരിത്രം തന്നെ പല വിധ പ്രതിസന്ധികളുടേതാണ്. യുദ്ധം, വംശീയ കലാപങ്ങൾ, പ്രകൃതിദുരന്തങ്ങൾ, സാംക്രമിക രോഗങ്ങൾ, ഇവകളാൽ കൊല്ലപ്പെടുകയോ ദുരിതത്തിൽ അകപ്പെട്ട വരുടെയുമോ ആണ്. അവിടെയൊക്കെ മനുഷ്യ വംശം മറികടക്കുകയും വിജയിച്ച് മുന്നേറുകയും ചെയ്തു. അത് എങ്ങനെയാണെന്നോ, മനുഷ്യർ പരസ്പരം സ്നേഹിച്ചും സഹായിച്ചും സംരക്ഷിച്ചുമൊക്കെയാണ്. ഇക്കാര്യത്തിൽ നാം കടപ്പെട്ടിരിക്കുന്നത് സാമൂഹ്യ പ്രവർത്തകരോടും ചിന്തകരോടും ശാസ്ത്രജ്ഞരോടുമൊക്കെയാണ്.

ഇക്കാര്യം നമ്മെ പഠിപ്പിക്കുന്ന പ്രധാന കാര്യം എന്താണ്? തീർച്ചയായും മറ്റ് മനുഷ്യർക്ക് കൂടി വേണ്ടിയാണ് നാം ജീവിക്കേണ്ടത് എന്നതു തന്നെയാണ്. ക്ലാസിലെ ഒരു കുട്ടിക്ക് ഒരു പുസ്തകം വാങ്ങാൻ പണമില്ലാതെ പോയാൽ അത് നിങ്ങളുടെ പ്രശ്നം കൂടിയാണ്.

ഒരുമിച്ച് നിന്നാൽ ഏത് ദുരന്തങ്ങളെയും നമുക്ക് മറികടക്കാനാവും.



ഞാൻ പത്രത്തിൽ സ്പോർട്സ് പേജ് മാത്രമാണ് നോക്കാറുള്ളത്. പത്രത്തിലെ മറ്റൊന്നും നോക്കാത്ത എന്നെ ഒന്നിനും കൊള്ളില്ലെന്ന് ഉപ്പ വഴക്ക് പറയുന്നു. എനിക്ക് വേറൊന്നും വായിക്കാൻ തോന്നാഞ്ഞിട്ടാണ്

▸▸ എവറസ്റ്റ് കൊടുമുടി നേപ്പാളിൽ അറിയപ്പെടുന്നത് ഏതുപേരിൽ– സാഗർമാത

ശിഹാബ്ക്കാ.. ഞാൻ എന്തു ചെയ്യും?

**അലിഫ് ഷാഫി**
**ക്ലാസ് 9**
**മാനന്തവാടി**



അലിഫ്,

താൽപര്യമുള്ളതിന് പ്രാധാന്യം നല്കുക. സ്പോർട്സ് വായന വിപുലീകരിക്കുക. സ്പോർട്സിനെപ്പറ്റി വിശാലമായ അറിവുകൾ നൽകുന്നവയൊക്കെ തേടിപ്പിടിച്ച് വായിക്കുക. ഇംഗ്ലീഷിലും കാര്യമായി വായിക്കുക.

രസിച്ച് വായിക്കുക, രസിച്ച് പഠിക്കുക എന്നത് തന്നെയാവട്ടെ നമ്മുടെ മുദ്രാവാക്യം.

സ്പോർട്സ് വായന വിപുലമാക്കുമ്പോൾ മറ്റെല്ലാ അറിവുകളും നമ്മോടൊപ്പം വരും. ചരിത്രം, സംസ്കാരം, രാഷ്ട്രീയം, സാഹിത്യം, ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം.... ഇങ്ങനെ ഒന്നും സ്പോർട്സ് വായനയ്ക്ക് അന്യമല്ല.

എന്തായാലും അലിഫ് ഷാഫി ആസ്വദിച്ച് വായിക്കുന്നു എന്നത് സന്തോഷകരം തന്നെ.

നമ്മുടെ രാഷ്ട്രീയക്കാരെന്താണ് ശിഹാബ്ക്കാ എപ്പോഴും വഴക്ക് കൂടുന്നത്? നല്ലത് ചെയ്താൽ പോലും പരസ്പരം അഭിനന്ദിക്കാറില്ല. ഇവരും സ്കൂളിലും കോളേജിലുമൊക്കെ പോയതല്ലേ... എന്നിട്ടെന്താ അങ്ങനെ. ഞങ്ങളും അവരുടെ പ്രായമാകുമ്പോൾ അങ്ങനെയായി തീരുമോ ശിഹാ ബ്ക്കാ..

**ആയിശാ നസ്റിൻ**
**ക്ലാസ് 10**
**മേൽമുറി**

അഭിപ്രായവും അഭിപ്രായ വ്യത്യാസവും ചേർന്ന് യഥാർത്ഥ വഴിയിൽ എത്താനുള്ള മാർഗ്ഗമാണ് ജനാധിപത്യത്തിലെ രാഷ്ട്രീയ പ്രവർത്തനം.

പക്ഷേ, ഇവിടെ വലിയ ശബ്ദ കോലാഹലങ്ങളേ കാണാനുള്ളൂ. മിക്കപ്പോഴും യാതൊരു കഴമ്പുമില്ലാത്ത ശബ്ദ പ്രകടനങ്ങൾ. ഇതാണ് രാഷ്ട്രീയ പ്രവർത്തനമെന്ന് നമ്മെ തെറ്റിദ്ധരിപ്പിക്കുകയാണ്. വോട്ട് ബാങ്ക് രാഷ്ട്രീയമായിട്ട് ഇതിനെ കണ്ടാൽ മതി.

യഥാർത്ഥ രാഷ്ട്രീയ പ്രവർത്തനം മനുഷ്യസ്നേഹത്തിൽ നിന്നും വറ്റാത്ത കാരുണ്യത്തിൽ നിന്നും സത്യാന്വേഷണപാതയിൽ നിന്നും തുടങ്ങുന്നതാണ്.

ആയിശ ഇതേക്കുറിച്ചൊക്കെ ആലോചിക്കുന്നതിൽ സന്തോഷമുണ്ട്.

നല്ല നാളെക്ക് വേണ്ടി തുടക്കമിടുന്നത് നാളത്തെ തലമുറ തന്നെയായിരിക്കും. •



നിങ്ങളുടെ ചോദ്യങ്ങളും സംശയങ്ങളും ശിഹാബ്ക്കയുമായി പങ്കുവെക്കുക. ക്ലാസ്, സ്കൂൾ, ഫോൺനമ്പർ എന്നിവ ചേർക്കാൻ മറക്കരുത്. കത്തുകൾ അയക്കേണ്ട വിലാസം:
ശിഹാബ്ക്കയോട് ചോദിക്കാം. മലർവാടി ദ്വൈവാരിക,
ഐ.എസ്.ടി ബിൽഡിംഗ്, വെള്ളിമാട്കുന്ന്, കോഴിക്കോട്- 12.
കൂടാതെ malarvadimag@gmail.com എന്ന ഇമെയിലിലും
8281572448 എന്ന വാട്സാപ് നമ്പറിലും അയക്കാം.

▸▸ ദക്ഷിണായനരേഖയുടെ നേർമുകളിൽ സൂര്യൻ എത്തുന്നത്- ഡിസംബർ 22